## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 986 09/08/2017-ൽ മറുപടിയ്ക്ക്

**മദ്യവില്പനശാലകൾ ആരംഭിക്കുവാൻ എൻ.ഒ.സി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മദ്യവില്പനശാലകൾ ആരംഭിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന നിബന്ധന മറികടക്കാൻ ഓർഡിനൻസ് ഇറക്കുകയുണ്ടായോ; | (എ) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനായി നഗരപാലികാ ബില്ലിലെ 447-ാംവകുപ്പും പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പും ഭേദഗതി ചെയ്യുകയുണ്ടായോ; | (ബി) ഭേദഗതി ചെയ്യുകയുണ്ടായി. |
| (സി) പ്രസ്തുത ഓർഡിനൻസിനെതിരെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിന്നുയർന്നു വന്നിട്ടുള്ള ജനരോക്ഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ജനങ്ങളുടെ എതിർപ്പ് കാരണം നേരത്തേ പൂട്ടിയതും പുതുതായി തുടങ്ങാൻ കഴിയാതെ പോയതുമായ എത്ര മദ്യവില്പനശാലകൾ പുതിയ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ തുറന്നു പ്രവർത്തിക്കാനാകും; വിശദാംശങ്ങൾ നൽകുമോ? | (ഡി) 4 എഫ്.എൽ-1 ഷോപ്പുകൾ തുറന്നു പ്രവർത്തിക്കാനാകും. ആലപ്പുഴ ജില്ലയിൽ രണ്ടും ഇടുക്കി, വയനാട് ജില്ലകളിൽ ഓരോ മദ്യവിൽപ്പനശാലകളുമാണ് ഇത്തരത്തിൽ തുറക്കുന്നത്. |

സെക്ഷൻ ഓഫീസർ